**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - തൃശ്ശൂർ ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായ ശ്രീ. രാധാകൃഷ്ണൻ കെ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കൊടകര ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ-ന്റെ - അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 3130/2018/തസ്വഭവ. തിരുവനന്തപുരം, തീയതി 13/12/2018**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/Fin സർക്കാർ ഉത്തരവ്

3. 09/06/2017 തീയതിയിലെ സ.ഉ(സാധാ)നം. 1919/17/തസ്വഭവ ഉത്തരവ്

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.07.2018-ലെ 7003/ഇ 1/2017/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ കൊടകര ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ. രാധാകൃഷ്ണൻ കെ.-യെ കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയുണ്ടായി.

(2) ടിയാന്റെ അന്യത്രസേവന കാലാവധി **27/06/2018** തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ **28.06.2018** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം **(4)** - ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ കൊടകര ബ്ലോക്ക് പഞ്ചാത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ. രാധാകൃഷ്ണൻ കെ. യുടെ കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ- ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ **(140 സി)** പ്രകാരമുള്ള വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി **28/06/2018** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ**

**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)

കമ്മീഷണർ, ഗ്രാമവികസന വകുപ്പ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**